10	ശബരിഗിരി (പുനരുദ്ധാരണം)	5	
		36.06	85.07

(ബി) ഒരു മിനി ഹൈഡ്രോ വൈദ്യുത പദ്ധതി ആരംഭിച്ചു.

ഇടുക്കി ജില്ലയിൽ മാങ്കുളം ഗ്രാമപഞ്ചായത്ത് സ്ഥാപിച്ച 11 കിലോവാട്ട് ശേഷിയുള്ള പാമ്പുംകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി 10-5-2012-ൽ കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് ബന്ധിപ്പിക്കുകയും ആവശ്യമായ പരിശോധനകൾക്കുശേഷം 3-8-2012 മുതൽ വൈദ്യുതി ഉത്പാദനം ആരംഭിക്കുകയും ചെയ്തു.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പാരിസ്ഥിതികാനുമതി പുന:സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി

16 (356) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത എത്ര നിയോജക മണ്ഡലങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിച്ച സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല. കേരളത്തിലെ ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ. പദ്ധതി ഇടുക്കിയിൽ 2010-ൽ തന്നെ പൂർത്തീകരിച്ചിട്ടുള്ളതും, ശേഷിക്കുന്ന 13 ജില്ലകളിൽ ഇപ്പോൾ നടപ്പിലാക്കിവരികയുമാണ്. എല്ലാ ജില്ലകളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 2014 നവംബർ 30 വരെ രജിസ്റ്റർ ചെയ്യുന്ന ബി.പി.എൽ.

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗക്കാരുടെ വീടുകൾക്ക് ഓവർഹെഡ് ലൈനുകൾ ഉൾപ്പെടെ വലിച്ച് സൗജന്യമായും എ.പി.എൽ. വിഭാഗക്കാരുടെ 1000 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകൾക്കും, ഓവർഹെഡ് ലൈൻ സൗജന്യമായി വലിച്ച് വെതർപ്രൂഫ് ഭാഗത്തിനുള്ള ചെലവ് മാത്രം ഈടാക്കിക്കൊണ്ടും കണക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇടമൺ-കൊച്ചി ലൈൻ നിർമ്മാണം

17 (357) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമൺ-കൊച്ചി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് പ്രതിസന്ധി ഘട്ടങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേയ്ക്ക് വൈദ്യുതി എത്തിക്കാനുള്ള സാഹചര്യം ഇല്ലാതാക്കിയെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി ലൈൻ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത് അധികാരികളുടെ അലസത മൂലമാണെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) ഇടമൺ-കൊച്ചി ലൈൻ നിർമ്മാണം പൂർത്തീകരിക്കാൻ തടസ്സമെന്താണെന്നും അവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരാതി അടിസ്ഥാനരഹിതമാണ്. ഇടമൺ-കൊച്ചി സെക്ഷനിലെ ലൈൻ നിർമ്മാണം റൈറ്റ് ഓഫ് വേ പ്രശ്നങ്ങളും, ഭൂവുടമകളുടെ എതിർപ്പുംമൂലം തടസ്സപ്പെട്ടതിനെ തുടർന്ന് ആയവ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ കൈക്കൊള്ളുകയും തത്ഫലമായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം അംഗീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly